# പോലീസ് വകുപ്പ്
# കേരളം

**No. E3-50487/2023/T**
ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ
✉sptvmrl.pol@kerala.gov.in
📞04712302296
തീയതി. 28-11-2023

**ലേലപ്പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ വിതുര പോലീസ് സ്റ്റേഷൻ പരിസരത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മൂന്ന് ആഞ്ഞിലി മരങ്ങൾ 08/12/2023 രാവിലെ 11.30 മണിക്ക് പരസ്യമായി ലേലം ചെയ്ത് വില്പ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് താഴെ പറയുന്ന പ്രകാരം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്.

| ക്രമനമ്പർ | മരം | ചുറ്റളവ് (in cm) | നിരതദ്രവ്യം (in Rs.) |
|---|---|---|---|
| 1 | ആഞ്ഞിലി | 295 | 14200 |
| 2 | ആഞ്ഞിലി | 165 | 3500 |
| 3 | ആഞ്ഞിലി | 175 | 4200 |
| | **ആകെ** | | **21,900/-** |

ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലത്തുകയുടെ പകുതി ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% GSTയും ഉൾപ്പെടെ ലേലം ഉറപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതാണ്. വനവികസന നികുതിയായ തുക 0406-01-101-96-00 FDT എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 0101-250-020 ആയി ചെലാൻ മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒറിജിനൽ രസീത് ഹാജരാക്കേണ്ടതാണ്. ടി രസീത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്.

ലേലം ഉറപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ ലേലം കൊണ്ട വ്യക്തി സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ചുകൊണ്ട് പോകേണ്ടതും മറ്റ് മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതും അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ മേൽപറഞ്ഞ മരങ്ങൾ വിതുര ISHOയുടെ അനുവാദത്തോടെ രാവിലെ 10നും 5നും ഇടയ്ക്ക്

പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

കിരൺ നാരായണൻ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1) തിരുവനന്തപുരം സെൻട്രൽ പ്രസ് സൂപ്രണ്ടിന് ഗസറ്റിൽ വിജ്ഞാപനത്തിനായി അയയ്ക്കുന്നു. 2) ADGP SCRB യ്ക്ക് പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി അയയ്ക്കുന്നു. |
| പകർപ്പ് | : | 1) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കമണ്ടാന്റുമാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി അയയ്ക്കുന്നു. 2) തിരുവനന്തപുരം റൂറൽ പരിധിയിലെ എല്ലാ ഓഫീസർമാർക്കും വ്യാപക പരസ്യത്തിനായി അയയ്ക്കുന്നു. |

Internal Administrative Processing System
iAPS
KERALA POLICE